K16P 0388

Reg. No.: ..............................

Name : ..................................

# Second Semester M.A. Degree (Reg./Supple./Improve.) Examination, March 2016
## (2014 Admn. Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 2C 06 : Malayalam Grammar : Critical Study

Time : 3 Hours Max. Marks : 80

I. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) ഭാരതീയ വ്യാകരണ വികാസത്തിലെ ആദ്യഘട്ടത്തെ കുറിച്ച് സാമാന്യമായി പ്രതിപാദിക്കുക.

2) 'മലയാളത്തിലെ ആറാമത്തെ വ്യഞ്ജനവർഗത്തെ ആദ്യമായി കണ്ടെത്തിയത് കേരളപാണിനിയാണെന്ന അവകാശവാദത്തിൽ കഴമ്പില്ല' – നിരൂപിക്കുക.

3) വിഭക്ത്യാഭാസം എന്നാൽ എന്ത് ? ഇത്തരമൊരു പ്രകരണം സൃഷ്ടിക്കുന്നതിലുള്ള പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുക.

4) കേരളപാണിനിയുടെ തദ്ധിത വിഭജനം ദോഷനിർമുക്തമോ എന്നു പരിശോധിക്കുക.

5) ശേഷഗിരി പ്രഭുവിന്റെ കേരള പാണിനീയ വിമർശനത്തെപ്പറ്റി വിവരിക്കുക. (5×4=20)

II. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) എ) കേരളപാണിനീയത്തിനുശേഷമുണ്ടായ പ്രമുഖ മലയാള വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തി അവയുടെ പ്രാധാന്യം ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) സന്ധിയെ കുറിച്ചുള്ള കേരളപാണിനീയ വിധികളുടെ സാധുത പരിശോധിക്കുക.

7) എ) വർത്തമാനകാല പ്രത്യയത്തിന്റെ ആഗമത്തെ സംബന്ധിച്ച് പണ്ഡിതൻമാർക്കിടയിലുള്ള ഭിന്നാഭിപ്രായങ്ങൾ പരിശോധിച്ച് സ്വമതം സ്ഥാപിക്കുക.

**അല്ലെങ്കിൽ**

ബി) 'മലയാളാക്ഷരമാലയുടെ വർഗീകരണത്തിൽ അന്തർഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുക.

P.T.O.

8) എ) 'പ്രകാര സങ്കല്പനത്തെക്കുറിച്ചുള്ള ഏ. ആർ. ന്റെ നിരീക്ഷണത്തിൽ ഒട്ടേറെ പരിമിതികളുണ്ട്' – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

ബി) അകർമകസകർമകങ്ങൾ, കേവലപ്രയോജകങ്ങൾ എന്നീ ഉപാധികൾക്ക് വൈയാകരണൻമാർ നൽകിയിട്ടുള്ള വിശദീകരണങ്ങൾ ഏറെ സങ്കീർണ മാണെന്നു പറയുന്നതെന്തുകൊണ്ട് ?

9) എ) അനുപ്രയോഗങ്ങളുടെ അർത്ഥവും ഘടനയും വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) വ്യാകരണത്തിൽ വാക്യവിചാരത്തിനുള്ള പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുക.

10) എ) കേരളപാണിനീയത്തിന്റെ ഒന്നും രണ്ടും പാരിപ്പുകൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

ബി) കേരളപാണിനീയത്തെ സംബന്ധിച്ചുള്ള കാത്യായന – പതഞ്ജലീസംവാദം ചുരുക്കി വിവരിക്കുക. **(5×6=30)**

III. ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) എ) 'മലയാള ഭാഷാവ്യാകരണം ഇന്നും സ്വീകാര്യമായ രീതിയിൽ വ്യവസ്ഥപ്പെട്ട ഒന്നല്ല' – വിമർശിക്കുക.

**അല്ലെങ്കിൽ**

ബി) 'കേരളപാണിനീയത്തിൽ ഏറ്റവും ശുഷ്കമായ ഖണ്ഡമാണ് ആകാംക്ഷാധികാരം' – ശരിയോ ? സ്വമതം വെളിപ്പെടുത്തുക.

12) എ) കേരളപാണിനീയ പീഠികാപഠനത്തിൽ എസ്. വി. ഷൺമുഖം ഉന്നയിക്കുന്ന പ്രധാന വസ്തുതകൾ സംഗ്രഹിച്ചു പ്രതിപാദിക്കുക.

**അല്ലെങ്കിൽ**

ബി) ഭേദകങ്ങൾക്ക് ഏ. ആർ. നൽകിയ ഉൾപ്പിരിവുകളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ വിവരിക്കുക.

13) എ) നാമവിഭാഗങ്ങളുടെ വിഭജനത്തിൽ കേരളപാണിനി കൈക്കൊണ്ട നയങ്ങളെ വിമർശനദൃഷ്ട്യാ നിരീക്ഷിക്കുക.

**അല്ലെങ്കിൽ**

ബി) ശബ്ദോല്പത്തിയെക്കുറിച്ചുള്ള വ്യാകരണദർശനം വെളിപ്പെടുത്തി വിവർത്തന പ്രക്രിയയുടെ പ്രാധാന്യം വിശദമാക്കുക. **(3×10=30)**

---